യമാണ്. അതിന്റെ കെട്ടിടം എത്താണ്ട് നിലംപതിച്ചു. കുട്ടികളെ മരച്ചുവട്ടിലിരുത്തി പഠിപ്പിക്കുകയും പിന്നീട് അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ സഹായത്തോടെ ഒരു വാടക കെട്ടിടത്തിൽ ഇപ്പോഴും അദ്ധ്യയനം നടത്തി വരികയുമാണ്. കഴിഞ്ഞ രണ്ടു വർഷമായി ഈ കെട്ടിടം അൺസേഫാണെന്നു റിപ്പോർട്ട് ചെയ്തതിനുശേഷം സ്കൂൾ അധികൃതർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുമായി കത്തിടപാടുകളും നടത്തുകയുണ്ടായി. അതുകൊണ്ട് അടിയന്തിരമായി അവിടെ ഒരു കെട്ടിടം പണിയണം. ഈ അദ്ധ്യയന വർഷം അതിന്റെ നടപടി സ്വീകരിച്ചാൽ അടുത്ത അദ്ധ്യയന വർഷത്തിലെങ്കിലും പുതിയ കെട്ടിടത്തിൽ അദ്ധ്യയനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ പള്ളിപ്പുറം സ്കൂൾ ഇക്കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് തകർന്നുപോവുകയുണ്ടായി. വാടകകെട്ടിടത്തിലാണ് ഇപ്പോഴും അതു പ്രവർത്തിക്കുന്നത്. അതിന് പുതിയ കെടിടം തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. അത് നേരത്തേ ഉണ്ടായിരുന്ന പ്രയോറിറ്റി ലിസ്റ്റിൽ ഉണ്ട്. അത് ഒന്ന് റിവൈസ് ചെയ്ത് പുതിയ പ്രയോറിറ്റി ലിസ്റ്റ് ഉണ്ടാക്കുകയാണ്. അതിനകത്ത് ഈ സ്കൂളും ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സ്കൂൾ കെട്ടിടങ്ങൾ പണിചെയ്തുകൊടുത്തിരിക്കുന്ന നിയോജകമണ്ഡലമാണ് ശ്രീ. ഹസ്സന്റെ നിയോജകമണ്ഡലം. അതുകൊണ്ട് ശ്രീ. ഹസ്സനു കൂടുതൽ പരാതിയുണ്ടാകേണ്ട കാര്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

(4) കാസർകോട് ജില്ലാ ആശുപത്രിയുടെ വിപുലീകരണം

ശ്രീ. കെ. പുരുഷോത്തമൻ : സർ, കാസർകോട് ജില്ലാ ആശുപത്രി നിലവിൽ വന്നിട്ട് രണ്ടുവർഷത്തിലേറെയായി. മുമ്പുണ്ടായിരുന്ന താലൂക്ക് ആശുപത്രി മാറ്റിയാണ് ജില്ലാ ആശുപത്രി നിലവിൽ വന്നത്. ഒരു ജില്ലാ ആശുപത്രിയുടെ നിലവാരം ഇന്ന് ആ ആശുപത്രിക്ക് ഇല്ല. വളരെ തിരക്കേറിയ ഒരാശുപത്രിയാണത് നാനൂറിലേറെ inpatients ഉം 750 മുതൽ 1000 വരെ Out patients-ഉം ദിവസേനയുണ്ടാകും. ഇന്നുള്ള ബെഡ്ഡ് സ്ട്രെങ്ത് കേവലം 189 ആണ്. അത് 500 ആയിട്ടെങ്കിലും ഉയർത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കാഷ്വാലിറ്റി, ത്വക്ക് എന്നീ വിഭാഗങ്ങളിൽ പ്രവർത്തനം നടത്തുന്നില്ല. ജില്ലാ ആശുപത്രിക്കുള്ള പാറോൺ അനുസരിച്ചുള്ള സ്റ്റാഫോ മറ്റ് സൗകര്യങ്ങളോ ഇതുവരെ അനുവദിച്ചിട്ടില്ല. ഒരു അനസ്തേസിസ്റ്റ് പോലും അവിടെ ഇല്ല. ആശുപത്രി കെട്ടിടം പണിയുന്നതിന് സർക്കാർ ഭൂമി ട്രാൻസ്ഫർ ചെയ്യുന്നതിനുവേണ്ടി തഹസീൽദാർ സർക്കാരിലേക്ക് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. പക്ഷേ അതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതുപോലെ കാസർകോട് ഡി.എം.ഒ. ഓഫീസ് നിലവിൽ വന്നത് 2-7-1984-ൽ ആണ്. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ അവിടെ നിയമിച്ചിട്ടില്ല. ജനറൽ സെക്ഷൻ, കെയർ ഫീഡിംഗ്, മലേറിയ ഹെൽത്ത് എഡ്യൂക്കേഷൻ, എഫ്.ഡബ്ളിയു പ്രോഗ്രം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്നീ വിഭാഗങ്ങളിലൊന്നും ആവശ്യത്തിന് സ്റ്റാഫില്ല. ഇവിടെ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ നിയമിച്ച് ജില്ലാ ആശുപത്രി പ്രവർത്തിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഹോസ്ദുർഗ് ആശുപത്രി ഈ അടുത്തകാലത്തായിട്ടാണ് ജില്ലാ ആശുപത്രിയിക്കിയിട്ടുള്ളത്. ഇതിനു മുമ്പ് അത് ഒരു താലൂക്കാശുപത്രിയായിരുന്നു. അതിന്റെ സംവിധാനങ്ങളിൽ ജില്ലാ ആശുപത്രിക്കു വേണ്ടതായ മാറ്റങ്ങളും മുഴുവൻ ഉടനേ വരുത്താൻ കഴിഞ്ഞിട്ടില്ല. കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇപ്പോൾ അനസ്തേഷ്യാ വിഭാഗത്തിൽ ആളില്ലാത്തതുകൊണ്ട് ഓപ്പറേഷനു ബുദ്ധിമുട്ടുണ്ട്. അതിനു ഉടനേ തന്നെ സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങളും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും പറഞ്ഞിട്ടുണ്ട്. പാരറൽ അനുസരിച്ചുള്ള തസ്തികകളും കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതും കഴിയുന്നതും വേഗത്തിൽ സാംഗ്ഷൻ ചെയ്യാൻ നോക്കാം.

(5) നിലമ്പൂർ വണ്ടൂർ പ്രദേശങ്ങളും കൂട്ടിച്ചേർത്ത് പുതിയ താലൂക്ക് രൂപീകരണം

ശ്രീ. ടി.കെ. ഹംസ : സർ, ആലപ്പുഴ ജില്ലയോളം വിസ്തീർണ്ണമുള്ളതും 10 ലക്ഷം ജനസംഖ്യയുള്ളതുമായ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇതിന് 2176 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ബ്രിട്ടീഷ് ഭരണകാലം മുതൽ നിലനിൽക്കുന്ന മലബാറിലെ ഏറ്റവും വലിയ താലൂക്കാണ് നിലമ്പൂർ. ബഹുമാനപ്പെട്ട മന്ത്രി എല്ലാ താലൂക്കുകളും വിഭജിക്കുമ്പോൾ വിഭജിക്കാമെന്ന വാക്ക് പറയാതെ നിലമ്പൂർ-വണ്ടൂർ നിയോജക മണ്ഡലങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ഒരു താലൂക്ക് ഉടനെ പ്രഖ്യാപിക്കേണ്ടതാണ്. ഭരണപരമായി അത്യന്താപേക്ഷിതമായ ഒരാവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. പാലാ, മൂവാറ്റുപുഴ, തൊടുപുഴ മുതലായ സ്ഥലങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ആളുകളാണ് നിലമ്പൂരിൽ ഭൂരിപക്ഷവും ഉള്ളത്. അതുകൊണ്ട് ഒരു പ്രത്യേക പരിഗണന നിലമ്പൂർ താലൂക്കിനു നല്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :- സർ, കേരളത്തിലെ ഏറ്റവും വലിപ്പം കൂടിയ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇത് പ്രത്യേകമായി പരിഗണിക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ പ്രായോഗികമായി അതിനു ബുദ്ധിമുട്ടുണ്ട്.

(6) ആർട്ടിസാൻസ് ഡെവലപ്പുമെന്റ് കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) : സർ, കേരളത്തിലെ ആർട്ടിസാൻസിനെ ഉദ്ധരിക്കുന്നതിനായി നിലവിലിരിക്കുന്ന ഒരു കോർപ്പറേഷനാണ് കേരളാ സ്റ്റേറ്റ് ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ. ഈ കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ ഇന്ന് വളരെ മന്ദീഭവിച്ചിരിക്കുകയാണ്. അതിന്റെ പ്രധാനകാരണം സാമ്പത്തികമായ ശോചനീയാവസ്ഥ തന്നെ

LIBRARY ARCHIVES Kerala Legislative Assembly